A

GI-201

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016-17

ഉദ്ഗ്രഥനം - ഒന്നാം ദിവസം

സ്റ്റാൻഡേർഡ്: II **അധ്യാപകർക്കുള്ള നിർദേശങ്ങൾ**

## പൊതുനിർദേശങ്ങൾ

- മൂന്ന് ദിവസങ്ങളിലേക്കായി മൂല്യനിർണയേതര പ്രവർത്തനങ്ങളടക്കം 15 പ്രവർത്തനങ്ങളാണ് തയ്യാറാക്കിയിരിക്കുന്നത്.
- പ്രവർത്തനങ്ങൾക്ക് മുമ്പായി ആഖ്യാനം വായിച്ച് സ്വാംശീകരിച്ച്, ഭാവം ഉൾക്കൊണ്ട് അവതരിപ്പിക്കണം.
- ഓരോ പ്രവർത്തനവും മൂല്യനിർണയം ചെയ്ത് ഗ്രേഡ് കോളത്തിൽ രേഖപ്പെടുത്തണം.
- മുഴുവൻ പ്രവർത്തനങ്ങളും പൂർത്തിയാക്കിയ ശേഷം ഗ്രേഡ് ചെയ്ത വർക്ക്ഷീറ്റുകളും പഠന നിലവാരരേഖയും ചേർത്തുവച്ച് കുട്ടികൾക്ക് നൽകണം.

*കഴിഞ്ഞ മഴക്കാലത്താണ് നന്ദുവിന്റെ വീട് തകർന്നത്. പാവം നന്ദു! വീടില്ലാതെ ഒരുപാട് കഷ്ടപ്പെടുന്നു. എങ്ങനെയും നന്ദുവിന് ഒരു നല്ല വീട് ഉണ്ടാക്കിക്കൊടുക്കണം. കൂട്ടുകാരെല്ലാവരും തീരുമാനിച്ചു. അവർ നല്ലവരായ നാട്ടുകാരെ കണ്ടു. അധ്യാപകരും കൂടെ നിന്നു. ആ ശ്രമം വിജയിച്ചു. നന്ദുവിന്റെ വീടുപണി ആരംഭിച്ചു. എല്ലാവർക്കും അത് ഒരു ഉത്സവമായിരുന്നു. അഭിനന്ദും കൂട്ടുകാരും രാവിലെ തന്നെ പണിസ്ഥലത്തെത്തി. എത്ര പണിക്കാരാണവിടെ! ഒരു കൂട്ടർ പുര പണിയാനുള്ള സാധനങ്ങൾ കൊണ്ടുവരുന്നു. മറ്റു ചിലർ സഹായികളാണ്. ഒരേ സമയം പല പണികൾ. തറയും ഭിത്തിയുമെല്ലാം എത്ര വേഗത്തിലാണ് പണിയുന്നത്! മരപ്പണിക്കാരുടെ അടുത്തും അവർ പോയി. കുറേ നേരം അതു നോക്കി നിന്നു. അളക്കലും മുറിക്കലും ചെത്തലും മിനുക്കലും... നല്ല രസമുണ്ട് കാണാൻ. അഭിനന്ദ് വീട്ടിലെത്താൻ വൈകി. അമ്മ വാതിൽക്കൽ കാത്തു നിൽപ്പുണ്ട്.*

അഭിനന്ദ് : അമ്മേ, നന്ദുവിന്റെ വീടുപണി തുടങ്ങി.

അമ്മ : അതെയോ? നന്നായി.

അഭിനന്ദ് : രണ്ട് മൂന്ന് ദിവസംകൊണ്ട് തീരുമെന്നാ തോന്നുന്നത്.

അമ്മ : അതെങ്ങനാ മോനേ? മൂന്ന് ദിവസം കൊണ്ട് വീട് തീരുമോ?

*അഭിനന്ദ് അമ്മയോട് അവിടുത്തെ പണിക്കാരെയും പണികളെയും കുറിച്ച് വിശദീകരിച്ചു. അമ്മയും അഭിനന്ദും തമ്മിൽ തുടർന്ന് എന്തൊക്കെ പറഞ്ഞിരിക്കും?*

## പ്രവർത്തനം 1 - സംഭാഷണം പൂർത്തിയാക്കാം

പഠനനേട്ടം : **സ്വാഭാവിക സന്ദർഭങ്ങളിൽ ആശയത്തുടർച്ചയോടെ സംഭാഷണം എഴുതുന്നു.**

സൂചകങ്ങൾ : 1. സന്ദർഭം / ആവശ്യം കണക്കിലെടുത്ത് ആശയപൂർണതയോടെ

രചന നടത്തിയിട്ടുണ്ട്. (2)

2. ആശയങ്ങളുടെ പരസ്പരബന്ധവും തുടർച്ചയുമുണ്ട്. (1)

3. വർത്തമാനം പറയുന്ന രീതിയോട് നീതി പുലർത്തുന്നതരത്തിലാണ് ഭാഷ. (1)

4. തെറ്റില്ലാത്ത ഭാഷയിൽ എഴുതിയിട്ടുണ്ട്. (വാക്യങ്ങളിൽ വാക്കുകൾ ആവർത്തിച്ചിട്ടില്ല, വാക്കുകൾ തമ്മിൽ അകലം പാലിച്ചിട്ടുണ്ട്, അക്ഷരങ്ങൾ മാറിപ്പോയിട്ടില്ല, ചിഹ്നനങ്ങൾ ശരിയായി ഉപയോഗിച്ചിട്ടുണ്ട്.) (1)

*അഭിനന്ദും കൂട്ടുകാരും അടുത്ത ദിവസവും പണിസ്ഥലത്തെത്തി. വീടു പണിക്ക് നേതൃത്വം നൽകുന്ന മാമന്റെ കൈയിൽ ഒരു പടം. വീട് പണിയും മുമ്പ് വരയ്ക്കുന്നതാണത്രേ! അവർ ആ ചിത്രം നോക്കി. മുറികളും വാതിലുകളും ജനാലകളും ഇടനാഴിയും അതിലുണ്ട്. അഭിനന്ദിനും കൂട്ടുകാർക്കും സംശയമായി.*

1. എന്തിനാണിത്രയും മുറികൾ?
2. ഇത്രയും വാതിലുകളുടെ ആവശ്യമെന്ത്?
3. ലൈറ്റിട്ടാൽ പോരെ, ജനാലകൾ വേണോ?

- ഇനിയും കുറേ കാര്യങ്ങൾ കൂടി ചേർന്നാലല്ലേ വീടാകൂ?

ഈ സംശയങ്ങൾക്ക് മറുപടി നൽകാമോ?

## പ്രവർത്തനം 2 - വീടിന്റെ സവിശേഷതകൾ

പഠനനേട്ടം : **വീടിന്റെ വിവിധ ഭാഗങ്ങൾ, അവയുടെ ഉപയോഗം എന്നിവ തിരിച്ചറിയുന്നു. ആരോഗ്യകരമായ വീടിന്റെ പ്രത്യേകതകൾ തിരിച്ചറിയുന്നു.**

സൂചകങ്ങൾ :

1. വിവിധ ആവശ്യങ്ങൾക്കായി വിവിധ മുറികൾ വേണം എന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
2. വാതിലുകളുടെയും ജനലുകളുടെയും ആവശ്യകത തിരിച്ചറിഞ്ഞിട്ടുണ്ട് (2)
3. ആരോഗ്യകരമായ വീടിന്റെ സവിശേഷതകൾ എഴുതിയിട്ടുണ്ട്.

   (വീടിന് ഉറപ്പുള്ള തറ, ഭിത്തി, മേൽക്കൂര ഇവ വേണം.) (2)

*നേരം നാലുമണിയോടടുക്കുന്നു. വീടു പണിക്കാർക്ക് ചായയും പലഹാരവും നൽകണം. നന്ദുവും അഭിനന്ദും പലഹാരം വാങ്ങാൻ കടയിലേയ്ക്കുപോയി. "ഉഴുന്നുവട വാങ്ങണേ..." വേലുച്ചേട്ടൻ വിളിച്ചു പറഞ്ഞു. "എനിക്ക് പരിപ്പുവട മതി" കേശുച്ചേട്ടൻ പറഞ്ഞു. "ശരി... ശരി... ഉഴുന്നുവടയും പരിപ്പുവടയും വാങ്ങാം." നന്ദു പറഞ്ഞു. നന്ദുവും അഭിനന്ദും കടയിലെത്തി. 24 രൂപയ്ക്ക് ഉഴുന്നുവടയും 72 രൂപയ്ക്ക് പരിപ്പുവടയും വാങ്ങി. നന്ദു കടക്കാരന് എത്ര രൂപ കൊടുക്കണം?*

## പ്രവർത്തനം 3 - സങ്കലനം

**പഠനനേട്ടം : സങ്കലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.**

സൂചകങ്ങൾ :

1. അനുയോജ്യമായ ക്രിയ തെരഞ്ഞെടുത്തിട്ടുണ്ട്. (1)
2. ഉചിതമായ ചിഹ്നം ഉപയോഗിച്ചിട്ടുണ്ട്. (1)
3. ശരിയായ ഉത്തരത്തിൽ എത്തിയിട്ടുണ്ട്. (3)

*പലഹാരവും വാങ്ങി അഭിനന്ദും നന്ദുവും തിരിച്ചെത്തി. പണിക്കാർക്ക് കൊടുത്തു.നന്ദുവിനോട് യാത്ര പറഞ്ഞ് അഭിനന്ദ് വീട്ടിലേയ്ക്ക് തിരിച്ചു.അഭിനന്ദ് വീട്ടിലെത്തി. അകത്താരോ സംസാരിക്കുന്നു. ശബ്ദം കേട്ടപ്പോൾത്തന്നെ അവന് ആളെ മനസ്സിലായി. അവൻ സന്തോഷംകൊണ്ട് തുള്ളിച്ചാടി അകത്തേയ്ക്ക് ഓടിക്കയറി.*

*ആരായിരിക്കും വന്നിട്ടുണ്ടാവുക?*

*"മുത്തശ്ശീ....."*

*"ചക്കരക്കുട്ടാ......"*

*അവൻ മുത്തശ്ശിയെ കെട്ടിപ്പിടിച്ചു. മുത്തശ്ശി അവനെ തുരുതുരെ ഉമ്മവച്ചു. വൈകുന്നേരം അവനെ മടിയിൽ കിടത്തി മുത്തശ്ശി കഥപറയാനാരംഭിച്ചു.*

*പുഴയുടെ തീരത്ത് ഒരു മരം. ഒരു വലിയ മരം. മരത്തിന്റെ ഉയർന്ന കൊമ്പിൽ ഒരു കുഞ്ഞു കൂട്. മിന്നുവിന്റെ വീടാണത്. ചരിൽ... ചരിൽ... ചരിൽ... ചരിൽ... എന്ന് ഇടയ്ക്കിടെ മിന്നു ശബ്ദമുണ്ടാക്കും.*

*ഒരു ദിവസം ഒത്തിരി അണ്ണാറക്കണ്ണന്മാർ ആ മരച്ചില്ലയിലേയ്ക്കു വന്നു. ഓരോരുത്തരും പലതരം പഴങ്ങളും കായ്കളുമായാണ് വന്നത്. എന്തിനാണെന്നോ അവർ വന്നത്? മിന്നുവിന്റെ വീട്ടിൽ ഒരു വിശേഷമുണ്ടായി. മിന്നുവിന് ഒരു കുഞ്ഞു പിറന്നു.*

*കൊച്ചുകണ്ണുകൾ. ചെറിയ കൈകാലുകൾ. കുഞ്ഞണ്ണാനെ കാണാനാണ് മറ്റുള്ളവർ വന്നത്. മരത്തിന്റെ ചുവട്ടിലൂടെ ഒരു പുഴ ഒഴുകുന്നുണ്ട്. കണ്ണാടിപോലെ തെളിഞ്ഞവെള്ളം. അതിൽ പലതരം ജീവികളുണ്ട്. പുഴ കടന്നും കുഞ്ഞിനെ കാണാൻ മിന്നുവിന്റെ കൂട്ടുകാരെത്തി. പിറ്റേ ദിവസം വളരെ ശക്തിയായി കാറ്റടിച്ചു. മരങ്ങളാകെ ആടിയുലഞ്ഞു. കാറ്റിന്റെ ശക്തി കൂടിക്കൂടി വന്നു. മിന്നുവിന്റെ കൂടുള്ള ചില്ല കാറ്റിലടർന്നു താഴേയ്ക്കു വീണു.*

*കാറ്റിൽ ആ കൂട് പറന്നുപോയി. അതിലാണ് ഓമനത്തമുള്ള ആ കുഞ്ഞുള്ളത്.*

*മിന്നു അതുകണ്ട് നിലവിളിച്ചു.*

..............................................................................................................................

..............................................................................................................................

*മിന്നു സന്തോഷം കൊണ്ട് ചിലച്ചു. ചിൽ...ചിൽ....ചിൽ...ചിൽ....*

*കൂട്ടുകാരെല്ലാം ഒത്തുചിലച്ചു. ചിൽ...ചിൽ....ചിൽ...ചിൽ....*

*കഥപൂർത്തിയാക്കി എഴുതൂ...*

*(കഥയ്ക്ക് ഉചിതമായ തലക്കെട്ട് നൽകാൻ നിർദ്ദേശിക്കണം)*

**പ്രവർത്തനം 4 - കഥ പൂർത്തിയാക്കാം**

**പഠനനേട്ടം :** **കഥാസന്ദർഭം വികസിപ്പിച്ച് കഥയുടെ തുടർച്ച കഥാംശം ചോർന്നുപോകാതെ എഴുതുന്നു.**

സൂചകങ്ങൾ :

1. അനുയോജ്യമായ തലക്കെട്ട് നൽകിയിട്ടുണ്ട്. (1)
2. ഭാവനാപൂർണമായി കഥ വികസിപ്പിച്ചിട്ടുണ്ട്.

   (കഥയുടെ തുടർച്ച, വികാസം, കഥാന്ത്യം ഇവ പരിഗണിച്ച്) (3)
3. പ്രയോഗങ്ങൾ, വിശേഷണങ്ങൾ എന്നിവ അനുയോജ്യമായ രീതിയിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. (1)

*കഥ കേട്ട് അഭിനന്ദ് ഉറങ്ങാൻ കിടന്നു. അപ്പോഴും അവന്റെ ചിന്ത നന്ദുവിന്റെ വീടിനെ കുറിച്ചായിരുന്നു. "എത്ര മനോഹരമായ വീട്! ചായം പൂശി ഭംഗിയാക്കിയിരിക്കുന്നു. ഹായ്!" അവൻ ഉറക്കത്തിൽ പിറുപിറുത്തു.*

*അഭിനന്ദ് സ്വപ്നത്തിൽ കണ്ട നന്ദുവിന്റെ വീടിന് നിറം നൽകി ഭംഗിയാക്കൂ.*

**പ്രവർത്തനം 5 - നിറം നൽകൂ... ഭംഗിയാക്കൂ... (മൂല്യനിർണയേതരം)**

**A** | शिक्षा का अधिकार — सर्व शिक्षा अभियान — सब पढ़ें सब बढ़ें | **GI-202**

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016–17

## ഉദ്ഗ്രഥനം - രണ്ടാം ദിവസം

**സ്റ്റാൻഡേർഡ്: II**

*അഭിനന്ദിന്റെ വീടിനടുത്തുള്ള അമ്പലത്തിൽ ഉത്സവമാണ്. ഉത്സവത്തിൽ പങ്കെടുക്കാനാണ് മുത്തശ്ശി എത്തിയത്. അവർ ഉത്സവപറമ്പിലേയ്ക്ക് തിരിച്ചു. "ഒന്നാമനാകൂ.... സമ്മാനം നേടൂ...". "ഇതെന്താ അവിടെ, വലിയ ആൾക്കൂട്ടമാണല്ലോ?" മുത്തശ്ശിയും അഭിനന്ദും അങ്ങോട്ടു ചെന്നു. അഭിനന്ദിന്റെ കൂട്ടുകാരും അവിടെയുണ്ട്.*

*തറയിൽ വരച്ചിരിക്കുന്ന കോളങ്ങളിൽ 1, 10 എന്നീ സംഖ്യകൾ എഴുതിയിരിക്കുന്നു. "ഇതെന്താ കാര്യം" അഭിനന്ദ് തിരക്കി. "ഗോലികളിയുടെ കളമാണ്. 5 ഗോലി വീതം ഒരാൾക്ക് 3 പ്രാവശ്യം കളത്തിലേയ്ക്ക് എറിയാം. എത്രപേർക്ക് വേണമെങ്കിലും കളിക്കാം. കൂടുതൽ പോയിന്റ് നേടുന്നയാൾ വിജയി." തൊട്ടടുത്തു നിന്നയാൾ പറഞ്ഞു. അഭിനന്ദും കൂട്ടുകാരും കളി തുടങ്ങി. ഓരോ കളിയിലും അഭിനന്ദിനും കൂട്ടുകാർക്കും കിട്ടിയ പോയിന്റ് നോക്കൂ. ആർക്കാണ് സമ്മാനം ?*

### പ്രവർത്തനം 6 - വിജയിയെ കണ്ടെത്താം

**പഠനനേട്ടം :** **ഒന്നിന്റെയും പത്തിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കുന്നു. വലുപ്പത്തിനനുസരിച്ച് ക്രമീകരിക്കുന്നു. വലുത് ചെറുത് കണ്ടെത്തുന്നു.**

സൂചകങ്ങൾ :
1. ഒന്നുകളും പത്തുകളും ചേർത്ത് രണ്ടക്ക സംഖ്യ രൂപീകരിച്ചിട്ടുണ്ട്. (3)
2. സംഖ്യാബന്ധം കണ്ടെത്തി ക്രമപ്പെടുത്തിയിട്ടുണ്ട്. (1)
3. കൂടുതൽ ആർക്ക്? എത്ര? എന്ന് എഴുതിയിട്ടുണ്ട്. (1)

*അഭിനന്ദും മുത്തശ്ശിയും കാഴ്ചകൾ കണ്ട് മുന്നോട്ടു നീങ്ങി. നെറ്റിപ്പട്ടം കെട്ടിയ ആനകൾ, ചെണ്ടമേളം, ബലൂൺ കച്ചവടക്കാർ, കളിപ്പാട്ടക്കടകൾ, ... എത്രയെത്ര കാഴ്ചകൾ!*

*നിങ്ങളും ഉത്സവം കണ്ടിട്ടില്ലേ? എന്തെല്ലാം കാഴ്ചകളാണ് നിങ്ങൾ കണ്ടിട്ടുള്ളത്. എഴുതി നോക്കൂ. ഉത്സവവുമായി ബന്ധപ്പെടുത്തി പദസൂര്യൻ പൂർത്തിയാക്കി വിവരണം തയ്യാറാക്കൂ. (പദസൂര്യൻ കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ.)*

### പ്രവർത്തനം 7 - വിവരണം തയ്യാറാക്കാം

**പഠനനേട്ടം :** **സ്വായത്തമാക്കിയ പദങ്ങൾ ഉപയോഗിച്ച് ആശയ പൂർണതയോടെ ലഘു വിവരണം എഴുതുന്നു.**

സൂചകങ്ങൾ :
1. പ്രധാന കാഴ്ചകളും പ്രത്യേകതകളും പരിഗണിച്ചിട്ടുണ്ട്. (2)
2. ഓരോന്നിന്റെയും വിശദീകരണമുണ്ട്
   (ഒന്നോ, രണ്ടോ വാക്കു വീതം) (2)
3. വാക്യ വൈവിധ്യം പരിഗണിച്ചിട്ടുണ്ട്. (പദവിന്യാസം വ്യത്യസ്തമാണ്. വിശേഷണങ്ങൾ ചേർത്തിട്ടുണ്ട്, വാക്യങ്ങൾ എല്ലാം ഒരുപോലെ തുടങ്ങുന്നില്ല) (1)

*അഭിനന്ദും മുത്തശ്ശിയും കളിപ്പാട്ടക്കടയിലേയ്ക്ക് പോയി. കട നിറയെ വിവിധ നിറത്തിലും രൂപത്തിലുമുള്ള കളിപ്പാട്ടങ്ങൾ. തൂക്കിയിട്ടിരിക്കുന്ന പാവകൾ, കളിഫോണുകൾ, വണ്ടികൾ, കിലുക്കുകൾ, പീപ്പികൾ, തോക്കുകൾ, പന്തുകൾ, കളിവീണകൾ... എന്തെല്ലാം... എന്തെല്ലാം... കളിവീണ അഭിനന്ദിന് ഒത്തിരി ഇഷ്ടമായി. സാവിത്രിക്കുട്ടിയ്ക്ക് ബട്ടൺ അമർത്തുമ്പോൾ പാട്ടുപാ*

ടുന്ന കളിഫോണാണ് ഇഷ്ടപ്പെട്ടത്. അഭിനന്ദ് കളിവീണയും സാവിത്രിക്കുട്ടി കളിഫോണും വാങ്ങി. കളിവീണയുടെ വിലയായി 4 പത്തുരൂപാനോട്ടും 3 ഒരു രൂപാനാണയവും അഭിനന്ദ് നൽകി. സാവിത്രിക്കുട്ടിയുടെ കളിഫോണിന്റെ വിലയായി നൽകിയത് ഒരു 20 രൂപാനോട്ടും 12 ഒരു രൂപാ നാണയവുണ്. ആരാണ് കൂടുതൽ വില നൽകിയത്? എത്ര കൂടുതൽ? കണ്ടെത്തു..

## പ്രവർത്തനം 8 - കളിപ്പാട്ടത്തിന്റെ വില കണ്ടെത്താം

**പഠനനേട്ടം :** രണ്ടക്കസംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

സൂചകങ്ങൾ :

1. പ്രശ്നനിർധാരണത്തിന് ആവശ്യമായ വഴികൾ കണ്ടെത്തിയിട്ടുണ്ട്.
   - കളിവീണയുടെ വില- 43 (40 + 3 = 43) (1)
   - കളിഫോണിന്റെ വില- 32 (20 + 10 + 2 = 32) (2)
2. അനുയോജ്യമായ ക്രിയ തെരഞ്ഞെടുത്തിട്ടുണ്ട്. (1)
3. ശരിയായ ഉത്തരത്തിലെത്തിയിട്ടുണ്ട്. (1)

''രാമുവിനെ ഇവിടെയെങ്ങും കണ്ടില്ലല്ലോ?" അഭിനന്ദ് ചോദിച്ചു. "അവൻ പനി പിടിച്ചു കിടക്കുകയാണ്. അവന് എന്നും അസുഖം തന്നെ മിക്കപ്പോഴും ക്ലാസ്സിലും എത്താറില്ല." സാവിത്രിക്കുട്ടി പറഞ്ഞു. "നമുക്ക് അവന്റെ വീട്ടിലൊന്നു പോയാലോ?" അവർ രാമുവിന്റെ വീടിനടുത്തെത്തി. "ഹൊ! എന്തൊരു നാറ്റം." എല്ലാവരും മൂക്കുപൊത്തി. "വെറുതെയല്ല രാമുവിന്റെ അസുഖങ്ങൾ മാറാത്തത്." മുത്തശ്ശി പറഞ്ഞു. "എന്താ മുത്തശ്ശീ അങ്ങനെ പറഞ്ഞത്?" "ഇതാ, കണ്ടില്ലേ? ചപ്പുചവറുകൾ കൂട്ടിയിട്ടിരിക്കുന്നു, മലിനജലം കെട്ടിക്കിടക്കുന്നു". "വീടും പരിസരവും വൃത്തിയായി സൂക്ഷിച്ചില്ലെങ്കിലും അസുഖങ്ങൾ വരും."

വീടും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതിനെക്കുറിച്ചും വ്യക്തിശുചിത്വം പാലിക്കേണ്ടതിനെക്കുറിച്ചും മുത്തശ്ശി രാമുവിനോടും അമ്മയോടും പറഞ്ഞു. "ഇത് ക്ലാസിലെ മുഴുവൻ കുട്ടികളോടും പറഞ്ഞാൽ നന്നായിരുന്നു." അഭിനന്ദ് പറഞ്ഞു. "അതിനെന്താ നീ നാളെ അസംബ്ലിയിൽ ശുചിത്വശീലത്തെക്കുറിച്ച് പറയൂ" ശുചിത്വശീലത്തെക്കുറിച്ച് സംസാരിക്കാൻ നിങ്ങളെ ചുമതലപ്പെടുത്തിയാൽ എന്തെല്ലാം കാര്യങ്ങൾ നിങ്ങൾ പറയും. എഴുതിനോക്കൂ.

## പ്രവർത്തനം 9 - ശുചിത്വശീലങ്ങൾ

**പഠനനേട്ടം :** ആരോഗ്യകരമായ ജീവിതത്തിന് വൃത്തിയുള്ള വീടും ചുറ്റുപാടും ആവശ്യമാണ്.

സൂചകങ്ങൾ :

1. വ്യക്തിശുചിത്വം, പരിസരശുചിത്വം ഇവയുമായി ബന്ധപ്പെട്ട് പ്രസ്താവനകൾ എഴുതിയിട്ടുണ്ട്. (ഒരു പ്രസ്താവനയ്ക്ക് ഒരു പോയിന്റ്) (5)

മുത്തശ്ശിയും അഭിനന്ദും വീട്ടിലെത്തി. അത്താഴം കഴിഞ്ഞ് എല്ലാവരും ഒത്തുകൂടി. "ഇന്ന് കടങ്കഥ പറഞ്ഞു കളിച്ചാലോ? "ഞാൻ തുടങ്ങാം." അഭിനന്ദ് പറഞ്ഞു. കളി തുടങ്ങി. അവർ പറഞ്ഞ കടങ്കഥകൾക്ക് ഉത്തരം കണ്ടെത്തൂ. കടങ്കഥകൾ എഴുതൂ.

## പ്രവർത്തനം 10 - കടങ്കഥപറയാം എഴുതാം

**പഠനനേട്ടം :** ലഘു കടങ്കഥകൾക്ക് ഉത്തരം നൽകുകയും ലളിതമായ കടങ്കഥകൾ രൂപീകരിക്കുകയും ചെയ്യുന്നു.

സൂചകങ്ങൾ :

1. ശരിയായ ഉത്തരം എഴുതിയിട്ടുണ്ട്. (3)
2. ആശയ സംക്ഷിപ്തതയോടെ നിർദേശം പരിഗണിച്ച് കടങ്കഥ രൂപീകരിച്ചിട്ടുണ്ട്. (2)